പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1657 | 11.02.2012-ൽ മറുപടിയ്ക്ക്

## പൈനാപ്പിൾ മിഷൻ പദ്ധതി

**ചോദ്യം**

ശ്രീ.എം.എ. ബേബി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സർക്കാർ പ്രഖ്യാപിച്ച 'പൈനാപ്പിൾ മിഷൻ ' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ; പദ്ധതിയുടെ ലക്ഷ്യം എന്താണ് ;<br><br>ബി) പദ്ധതിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര ;<br><br>സി) ഇതിന്റെ ഭരണാനുമതി നൽകിയത് എപ്പോഴായിരുന്നു ;<br><br>ഡി) സാങ്കേതികാനുമതി നൽകിയിരുന്നോ ;<br><br>ഇ) എന്ത് തുക നടപ്പ് വർഷത്തിൽ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരുന്നു ;<br><br>എഫ്) ഇതിനകം ചെലവഴിച്ചത് എത്ര ;<br><br>ജി) മിഷൻ പ്രവർത്തനം വഴി കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ ; | (എ മുതൽ ജി വരെ) കൈതച്ചക്കയുടെ വമ്പിച്ച കയറ്റുമതി സാധ്യത കണക്കിലെടുത്തും ഇതിന്റെ ഉല്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ സമഗ്രവികസനം ലക്ഷ്യമാക്കിയും വാഴക്കുളം കേന്ദ്രമാക്കി പൈനാപ്പിൾ മിഷൻ രൂപീകരിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 5/10/2013-ലെ 2002/12/കൃഷി നമ്പർ സർക്കാർ ഉത്തരവ് (സാധ) പ്രകാരം ഡോ.കെ.പി.കുര്യാക്കോസ്, പ്രൊഫസർ & ഹെഡ്, കേരള കാർഷിക സർവ്വലാശാല കാർഡമം റിസർച്ച് സ്റ്റേഷൻ, പാമ്പാടും പാറ, ഇടുക്കിയെ പൈനാപ്പിൾ മിഷന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. 07/02/2013-ലെ 26/2013/കൃഷി നമ്പർ സർക്കാർ ഉത്തരവ്(കൈയ്യെഴുത്ത്)പ്രകാരം പൈനാപ്പിൾ മിഷന് ഭരണാനുമതി നല്കിയിട്ടുണ്ട്. 1955- ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം പൈനാപ്പിൾ മിഷൻ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി, സർക്കാറിന് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പരിശോധനയിലാണ്. 2012-13- ലെ ബഡ്ജറ്റിൽ പൈനാപ്പിൾ മിഷനു വേണ്ടി 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മിഷൻ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ